# മാമലകൾക്കപ്പുറം





**ചരിത്രപരമായ മലകളിലൂടെയുള്ള യാത്ര**

## ഒലിവ് മല

Alex Shalini

കുരിശു മരണം വരിക്കുന്നതിനു മുൻപായി യേശു ശിഷ്യൻമോരോടൊപ്പം പ്രാർത്ഥിക്കുവാനായി ഒലിവു മലയിലേക്കു പോയി. ( വി.ലൂക്ക 22 : 39 - 41 ) അവിടെ എത്തിയപ്പോൾ അവൻ അവരോടു പറഞ്ഞു. 'നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ'. അവൻ അവരിൽ നിന്നും ഒരു കല്ലേറു ദൂരം മാറി മുട്ടിൻ മേൽ വീണു പ്രാർത്ഥിച്ചു.

ഗദ്സെമെൻ തോട്ടം ഒലിവുമലയിൽ സ്ഥിതി ചെയ്യുന്നു. അസാധാരണമാം വിധം ഒലിവു മരങ്ങളാൽ നിറഞ്ഞതു കൊണ്ടായിരുന്നു ഈ മല ഒലിവ് മല എന്നറിയപ്പെട്ടിരുന്നത്. കിഴക്കൻ ജെറുസലേമിലുള്ള ഒലിവ് മലക്ക് സമുദ്രനിരപ്പിൽ നിന്നും 800 മീറ്ററോളം ഉയരമുണ്ട് . എല്ലാ സുവിശേഷങ്ങളിലും ഈ സ്ഥലത്തെ പറ്റി പ്രതിപാദിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ പ്രതിപാദിക്കുന്ന കെദ്രോൻ അരുവിയുടെ അക്കരെയാണ് ഒലിവു മലയുടെ സ്ഥാനം . ( വി.മത്തായി 26 : 36 - 56 , വി.മാർക്കോസ് 14 : 32 - 50 , വി.ലൂക്ക 22 : 39 - 53 , വി. യോഹന്നാൻ 18 : 1 - 11 ) . യേശുവിന്റെ സ്വർഗ്ഗാരോഹണവും ഒലിവു മലയിൽ നിന്നായിരുന്നു. ( അപ്പ.പ്രവർത്തനങ്ങൾ 1: 9 - 12 )

ഗദ്സെമെൻ എന്ന ഹീബ്രു വാക്കിന്റെ അർത്ഥം, ഒലിവ് എണ്ണയുടെ ഉല്പാദനവുമായി ചേർന്നു പോകുന്നതാണ്.യേശുവിന്റെ കാലത്തോളം പഴക്കമുണ്ടെന്ന് കരുതപ്പെടുന്ന എട്ടോളം ഒലിവ് മരങ്ങൾ ഇപ്പോഴും അവിടെ സംരക്ഷിച്ചു പോരുന്നു.

പഴയ നിയമത്തിൽ സഖറിയാ പ്രവാചകൻ കർത്താവിന്റെ ദിനത്തെപ്പറ്റി പ്രവചിക്കുകയും, ജെറുസലേമിന് കിഴക്കുള്ള ഒലിവുമലയിൽ അവിടുന്ന് നിലയുറപ്പിക്കുകയും ഭൂമി മുഴുവന്റേയും രാജാവായി വാഴുമെന്നും പ്രതിപാദിക്കുന്നു ( സഖറിയാ 14 : 4 ).

ഈ ഒരു കാലഘട്ടത്തിൽ പരീക്ഷകളിൽ ഉൾപ്പെടാതിരിക്കാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം .യേശു ശിഷ്യന്മാരിൽ നിന്നും ഒരു കല്ലേറ് ദൂരം മാറിയിരുന്നു പ്രാർത്ഥിച്ചതുപോലെ, നമുക്കും ഇപ്പോഴുള്ള ജീവിതാവസ്ഥയിൽ നിന്നും, ബാഹ്യമായ എല്ലാ ഇടപെടലുകളിൽ നിന്നും, പ്രാർത്ഥിക്കുവാനായി ഒരു കല്ലേറ് ദൂരം മാറിയിരിക്കാം. വ്യക്തിപരമായ പ്രാർത്ഥനകളാലും കുടുംബ പ്രാർത്ഥനകളാലും ദൈവത്തോട് ചേർന്നിരിക്കുവാനുള്ള കൃപക്കായി യാചിക്കാം.

